REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 15-01-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി മുംബൈയിൽ മൂന്ന് നാവിക സേനാ യുദ്ധക്കപ്പലുകൾ രാഷ്ട്രത്തിന് സമർപ്പിച്ചു.
- കരസേനാദിനത്തിൽ രാഷ്ട്രപതിയും പ്രധാനമന്ത്രിയും സൈനികർക്ക് ആശംസകൾ നേർന്നു.
- പാലക്കാട്ടെ മോട്ടോർവാഹന ചെക്പോസ്റ്റുകളിൽ വിജിലൻസ് നിരീക്ഷണം ശക്തമാക്കി.
- നടിയെ അധിക്ഷേപിച്ച കേസിൽ ബോബി ചെമ്മണ്ണൂരിന് ഹൈക്കോടതിയുടെ രൂക്ഷ വിമർശനം.
- ഇന്ത്യ-അയർലന്റ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിൽ ഇന്ത്യയ്ക്ക് മികച്ച തുടക്കം.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി മുംബൈയിൽ INS സൂറത്ത്, INS നീലഗിരി, INS വാഗ്ഷീർ എന്നീ മൂന്ന് നാവിക യുദ്ധക്കപ്പലുകൾ രാഷ്ട്രത്തിന് സമർപ്പിച്ചു. മുംബൈയിലെ നേവൽ ഡോക്ക് യാർഡിൽ ഉച്ചയ്ക്കു മുമ്പായിരുന്നു കമ്മീഷൻ ചടങ്ങ്.

കടൽസുരക്ഷയിലും, രാജ്യരക്ഷാ ഉത്പന്ന നിർമ്മാണത്തിലും ആഗോള നേതൃസ്ഥാനത്തേയ്ക്ക് എത്തുകയെന്ന ഇന്ത്യയുടെ ലക്ഷ്യത്തിലേക്ക് സുപ്രധാന ചുവടുവെയ്പ്പാണിത്. INS സൂറത്ത് ഇന്ത്യയുടെ മിസൈൽ നശീകരണ പദ്ധതിയിലെ നാലാമത്തെ കപ്പലാണ്. സ്റ്റെൽത്ത് ഫ്രിഗേറ്റ് പദ്ധതിയിലെ ആദ്യ കപ്പലാണ് INS നീലഗിരി. 75 സ്കോർപീൻ പദ്ധതിയിലെ ആറാമത്തെയും അവസാനത്തെയും അന്തർവാഹിനിയാണ് INS വാഗ്ഷീർ.

മുംബൈയിലെ മസഗാവ് ഡോക് കപ്പൽ ശാലയിലാണ് മൂന്ന് കപ്പലുകളും തദ്ദേശീയമായി നിർമ്മിച്ചത്.

✪✪✪

ഇന്ന് എഴുപത്തിയേഴാമത് കരസേനാദിനം. രാഷ്ട്രപതിയും പ്രധാനമന്ത്രിയും സൈനികർക്ക് ആശംസകൾ നേർന്നു.

ദേശീയ സുരക്ഷ ഉറപ്പാക്കുന്നതിൽ ഇന്ത്യൻ സൈന്യം നിർണായക പങ്കു വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു. അതിർത്തികൾ സംരക്ഷിക്കുന്നതിൽ നമ്മുടെ സൈനികർ അസാധാരണമായ ധൈര്യം, ഉയർന്ന പ്രൊഫഷണലിസവും പ്രകടിപ്പിക്കുന്നുണ്ടെന്നും കരസേനാദിനത്തിൽ രാഷ്ട്രപതി പറഞ്ഞു. രാജ്യത്തിന്റെ പുരോഗതിയ്ക്കും സമൃദ്ധിയ്ക്കും വേണ്ടി സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ സൈനികർ മുൻപന്തിയിൽ നിൽക്കുന്നുവെന്നും ദ്രൗപതി മുർമു പറഞ്ഞു.

✪✪✪

കരസേനാ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ സൈനികർക്കും അവരുടെ കുടുംബങ്ങൾക്കും ആശംസകൾ നേർന്നു. സായുധ സേനയുടെയും അവരുടെ കുടുംബങ്ങളുടെയും ക്ഷേമത്തിന് ഗവൺമെൻറ് പ്രതിജ്ഞാ ബദ്ധമാണെന്ന് മോദി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.രാജ്യത്തിന്റെ സുരക്ഷയുടെ കാവൽക്കാരായാണ് സൈന്യം നിലകൊള്ളുന്നത്.ഓരോ ദിവസവും കോടിക്കണെ ക്കിന് ഇന്ത്യക്കാരുടെ സുരക്ഷ ഉറപ്പാക്കുന്ന ധീരഹൃദയരുടെ ത്യാഗത്തെ രാജ്യത്തെ പൗരന്മാർ സ്മരിക്കുന്നുവെന്നും പ്രധാന മന്ത്രി പറഞ്ഞു.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിനിടെ വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ സ്പാനിഷ് പ്രസിഡന്റ് പെഡ്രോ സാഞ്ചസി നെ സന്ദർശിച്ചു. ഇരു രാജ്യങ്ങളുടെയും ഉഭയകക്ഷി ബന്ധ ത്തിലെ പുരോഗതി ജയശങ്കർ സ്പാനിഷ് പ്രസിഡന്റിനെ അറിയിച്ചു.

✪✪✪

റഷ്യയിലെ ഷെല്ലാക്രമണത്തിൽ മരിച്ച തൃശൂർ സ്വദേശി ബിനിലിന്റെ മൃതശരീരം നാട്ടിലെത്തിക്കാൻ അടിയന്തരമായി ഇടപെടണമെന്നാവശ്യപ്പെട്ട് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല വിദേശ കാര്യമന്ത്രി ഡോ. S ജയശങ്കറിന് കത്തയച്ചു. ബിനിലിന്റെ ബന്ധുവും സമാനമായ ചതിയിൽപ്പെട്ട് റഷ്യയിൽ എത്തിയയാളുമായ ജെയ്ൻ കുര്യൻ ഷെല്ലാക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിലാണെന്നും ചെന്നിത്തല കത്തിൽ പറയുന്നു. ഇയാളെ സുരക്ഷിതമായി നാട്ടിലെത്തിക്കണമെന്നും

**ബിനിലിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.**

**✪✪✪**

**സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര നിക്ഷേപക സംഗമത്തിൽ UAE സാമ്പത്തികകാര്യ മന്ത്രി അബ്ദുള്ള ബിൻ തൗഖ് അൽ മാരി പങ്കെടുക്കും. UAE യിലെ പ്രധാന വ്യവസായ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന സംഘവും മന്ത്രിക്കൊപ്പമുണ്ടാകും. മന്ത്രി P.രാജീവുമായി ദുബായിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് യുഎഇ മന്ത്രി ഇക്കാര്യം അറിയിച്ചത്.**

**✪✪✪**

**തിരുവനന്തപുരത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ മൈക്രോബയോളജി ലാബ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലെ മൂന്നാമത്തെ മൈക്രോബയോളജി ലാബാണിത്. എറണാ കുളത്തും കോഴിക്കോടുമാണ് മറ്റ് ലാബുകൾ.**

**✪✪✪**

**പാലക്കാട് ജില്ലാ അതിർത്തികളിലെ മോട്ടോർവാഹന ചെക്ക്പോസ്റ്റുകളിൽ നടത്തിയ പരിശോധനയിൽ കണക്കിൽപ്പെടാത്ത കൂടുതൽ പണം പിടിച്ചെടുത്ത സാഹചര്യത്തിൽ ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് നിരീക്ഷണം ശക്തിപ്പെടുത്തി.**

**ആകാശവാണി പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്തിന്റെ റിപ്പോർട്ട്.**

**........(വോയ്സ്).......**

**✪✪✪**

**നടിയെ അധിക്ഷേപിച്ച കേസിൽ ജാമ്യം അനുവദിച്ചെങ്കിലും ബോബി ചെമ്മണ്ണൂർ കാക്കനാട് ജില്ലാ ജയിലിൽ നിന്ന് ഇന്നലെ പുറത്തിറങ്ങാതിരുന്നതിനെ ഹൈക്കോടതി കടുത്ത ഭാഷയിൽ വിമർശിച്ചു. ജാമ്യം റദ്ദാക്കി വീണ്ടും അറസ്റ്റ് ചെയ്യാൻ മടിക്കില്ല എന്നും കേസ് പരിഗണിക്കുന്ന ജസ്റ്റിസ് P.V കുഞ്ഞി കൃഷ്ണൻ മുന്നറിയിപ്പ് നൽകി. സഹതടവുകാരുടെ കാര്യം നോക്കാൻ കോടതിയുണ്ടെന്നും, മാധ്യമ ശ്രദ്ധ കിട്ടാൻ വേണ്ടിയാണ് ബോബി ശ്രമിക്കുന്നതെന്നും കോടതി പറഞ്ഞു.**

**ബോബി ചെമ്മണ്ണൂരിനെ ശക്തമായ ഭാഷയിൽ ശാസിച്ച കോടതി എല്ലാം വിലയ്ക്ക് വാങ്ങാമെന്ന് ബോബി കരുതരുതെന്നും ജുഡീഷ്യറിയോട് ഏറ്റുമുട്ടരുതെന്നും പറഞ്ഞു.**

**കേസ് കോടതി വീണ്ടും ഉച്ചയ്ക്ക് 1.45 ന് പരിഗണിയ്ക്കും.**

✪✪✪

**ഇടുക്കി മൂലമറ്റത്ത് അയ്യപ്പഭക്തർ സഞ്ചരിച്ച ടെമ്പോ ട്രാവലർ നിയന്ത്രണം വിട്ട് കൊക്കയിലേയ്ക്ക് മറിഞ്ഞ് 19 പേർക്ക് പരിക്കേറ്റു. കാഞ്ഞാർ -വാഗമൺ റൂട്ടിൽ പുത്തേടിനു സമീപത്തെ കുത്തിറക്കത്തിൽ നിന്ന് നിയന്ത്രണം വിട്ട് 60 അടി താഴ്ചയിലേയ്ക്കാണ് വാഹനം മറിഞ്ഞത്. ഇന്നു രാവിലെ 9.30 ഓടെയായിരുന്നു അപകടം. ഗുരുതരമായി പരിക്കേറ്റവരെ തൊടുപുഴയിലെ സ്വകാര്യ ആശുപത്രിയിലും പ്രവേശിപ്പിച്ചിട്ടുണ്ട്.**

✪✪✪

**ഇന്ത്യ-അയർലന്റ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ 21.1 ഓവറിൽ വിക്കറ്റൊന്നും നഷ്ടപ്പെടാതെ 190 റൺസ് എടുത്തു.**

**ആദ്യ രണ്ട് ഏകദിനങ്ങളും വിജയിച്ച ടീം ഇന്ത്യ ഇതിനകം പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.**

✪✪✪

**ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ആദ്യ ജയം തേടി ഗോകുലം കേരള ഇന്ന് ബംഗളൂരുവിൽ കളത്തിലിറങ്ങും. ബംഗളൂരു കിക്ക് സ്റ്റാർട്ട് FCയാണ് എവേ മത്സരത്തിൽ ഗോകുലത്തിന്റെ എതിരാളി.**

**കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ നടന്ന ആദ്യ മത്സരത്തിൽ ഒഡിഷ FCക്കെതിരേ ഗോകുലം സമനില നേടിയിരുന്നു.**

✪✪✪

**ISL ഫുട്ബോളിൽ ഇന്ന് മുഹമ്മദൻ SC, ചെന്നൈയിൻ FC യെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.**

✪✪✪

**വനിതാ ഹോക്കി ഇന്ത്യ ലീഗിൽ ഒഡീഷ വാരിയേഴ്സ് ഇന്ന് JSW സൂർമ ഹോക്കി ക്ലബ്ബിനെ നേരിടും. വൈകിട്ട് ആറിനാണ് മത്സരം. പുരുഷ ഹോക്കി ഇന്ത്യ ലീഗിൽ UP രുദ്രാസ് ഇന്ന് റൂർക്കേലയിൽ ശ്രാച്ചി രാർ ബംഗാൾ ടൈഗേഴ്സിനെ നേരിടും.**

**രാത്രി 8.15നാണ് മത്സരം.**

✪✪✪

വയോജന  ഭിന്നശേഷി സൗഹൃദവുമായ ഒരു നഗരം സൃഷ്ടിക്കുകയും സമ്പൂർണ ശുചിത്വം ഉറപ്പാക്കി  മാതൃക സൃഷ്ടിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ കോഴിക്കോട്  കോർപ്പറേഷൻ നടപ്പിലാക്കുന്ന  "സമന്വയ" പദ്ധതിയുടെ പ്രഖ്യാപനം വൈകിട്ട് കോഴിക്കോട് ബീച്ചിൽ നടത്തും. സമൂഹത്തിൽ പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ എല്ലാവർക്കും സേവനവും പിന്തുണയും ഉറപ്പാക്കുകയാണ്  പദ്ധതിയുടെ ലക്ഷ്യം.

✪✪✪

വിവിധ തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലാ പഞ്ചായത്ത്  ലേബർ ബാങ്ക് പദ്ധതി നടപ്പാക്കുന്നു. ഇതിന്റെ ഭാഗമായ  മൊബൈൽ ആപ്ലിക്കേഷൻ മന്ത്രി M.B രാജേഷ് പുറത്തിറക്കി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്).............

✪✪✪

കണ്ണൂർ കരിവെള്ളൂർ-പെരളം പഞ്ചായത്തിൽ കുണിയനിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് 75 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതായി T.I മധുസൂദനൻ MLA അറിയിച്ചു. മൈനർ ഇറിഗേഷൻ വകുപ്പിനാണ് നിർവഹണ ചുമതല.

✪✪✪

---

*News Editor: ചന്ദ്രബാബു പി*
*Casual News Reader: സയ്യിദ് അലി ശിഹാബ്*
*Standby: അനിൽ ചന്ദ്രൻ*
*DEO: ഷീബ*